LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് കയ്യൂർ ഗവൺമെന്റ് ഐ. ടി. ഐ. കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലെ കാലതാമസം

24 [2675] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ. ടി. ഐ.-യുടെ നിർമ്മാണം പൂർത്തിയായ പ്രധാന കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം ഐ. ടി. ഐ.-യുടെ പ്രവർത്തനം മാറ്റാൻ കഴിയാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കെട്ടിടത്തിന്റെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27-6-2003-ലെ ഗവൺമെന്റ് ഉത്തരവ് 1766/2003/തൊഴിൽ പ്രകാരം 8.51 ലക്ഷം രൂപ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് ടി തുക മാറി നൽകുന്നതിനാവശ്യമായ ഫണ്ട് ബന്ധപ്പെട്ട പ്രിൻസിപ്പാളിന് നൽകുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് കയ്യൂർ ഗവൺമെന്റ് ഐ. ടി. ഐ. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

25 [2676] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ. ടി. ഐ.-യുടെ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കയ്യൂർ ഐ. ടി. ഐ.-യുടെ സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ ഭരണാനുമതിക്കായി ഉള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ഐ. റ്റി. സി. പരീക്ഷാഫലം തടഞ്ഞുവച്ച നടപടി

26 [2677] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജൂലൈ മാസം നടത്തിയ ഐ.റ്റി. സി. (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) പരീക്ഷ എഴുതിയ ഉല്ലാസ് (രജിസ്റ്റർ നമ്പർ 47671) എന്ന വിദ്യാർത്ഥിയുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ച് മാർക്ക് ലിസ്റ്റ് നൽകാതിരിക്കാനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥിയോ മറ്റാരെങ്കിലുമോ ഇതു സംബന്ധിച്ച് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഓഫീസുമായി ബന്ധപ്പെട്ടിരുന്നുവോ;

(സി) ഈ വിദ്യാർത്ഥിയുടെ 2001 ജൂലൈയ്ക്കുശേഷമുള്ള ഉന്നത പഠനത്തിന് തടസ്സം വരുന്ന തരത്തിൽ റിസൾട്ട് പബ്ലിഷ് ചെയ്യാതിരുന്ന ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടാനും വിദ്യാർത്ഥിക്ക് സർട്ടിഫിക്കറ്റ് നൽകാനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും ശ്രീ. ഉല്ലാസിന് പരീക്ഷ എഴുതാൻ നൽകിയിരുന്ന റോൾ നമ്പർ 47671 ആയിരുന്നു. ടി ട്രെയിനി ട്രേഡ് തീയറി പരീക്ഷയിൽ ടിയാന്റെ റോൾ നമ്പർ 67671 എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് റിസൾട്ട് പ്രസിദ്ധീകരിക്കാതിരുന്നത്.

(ബി) ബന്ധപ്പെട്ടിരുന്നില്ല. എന്നാൽ ട്രെയിനിയെ കത്തയച്ചുവരുത്തി പരിശോധന നടത്തി 18-3-2003-ന് ഈ ട്രെയിനിയുടെ റിസൾട്ട് പ്രഖ്യാപിക്കുകയുണ്ടായി.

(സി) ടി ട്രെയിനിയുടെ റിസൾട്ട് പബ്ലിഷ് ചെയ്യാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. പ്രൊവിഷണൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ടി ട്രെയിനിക്ക് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഐ. റ്റി. സി. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമം ദത്തെടുക്കൽ പദ്ധതി

27 [2679] ശ്രീ. വർക്കല കഹാർ:
,, എം. പി. ഗംഗാധരൻ:
,, എ. സുജനപാൽ:
,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി ഗ്രാമം ദത്തെടുക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയനുസരിച്ച് എത്ര ഗ്രാമങ്ങൾ ദത്തെടുക്കും; ദത്തെടുക്കപ്പെടുന്ന ഗ്രാമങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ,ബി) ഇത്തരം ഒരു പദ്ധതി ആവിഷ്കരിക്കുന്ന കാര്യം തൊഴിൽ വകുപ്പിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly